**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എൽ.എ.സി -എ.ഡി.എസ് 2016-17 – ചാലക്കുടി നിയോജക മണ്ഡലം - ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള റോഡ് പ്രവൃത്തികൾ - ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(സാധാ)നം. 751/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 18.03.2017.**

---

പരാമർശം :- (1) ജി.ഒ.(സാധാ)നം. 332/12/ധന തീയതി 11/06/2012

(2) 3.6.2014 തീയതിയിലെ 54/14/ധന നമ്പർ സർക്കുലർ

(3) ബഹു. ബി.ഡി. ദേവസ്സി എം.എൽ.എയുടെ 05/09/2016 ലെ കത്ത്

(4) 10.11.2016 ലെ പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ CE/R&B/TSR/Price/2016/5213 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (3) പ്രകാരം ചാലക്കുടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ബി.ഡി. ദേവസ്സി, എം.എൽ.എ യുടെ ആസ്തിവികസന പദ്ധതിയിൽ നിന്നും "തിരുമുടിക്കുന്ന് സെന്റ് ആന്റണീസ് നഗർ റോഡ് നവീകരണം-വാർഡ് 8, കൊരട്ടി ഗ്രാമപഞ്ചായത്ത്" എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിന് അടങ്കൽ തുകയായ 11.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതിക്ക് വേണ്ടി അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചാലക്കുടി നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ശ്രീ. ബി.ഡി. ദേവസ്സി, എം.എൽ.എ യുടെ 2016-17 ലെ ആസ്തി വികസന പദ്ധതിയിൽ നിന്നും "ചാലക്കുടി മണ്ഡലത്തിൽ തിരുമുടിക്കുന്ന് സെന്റ് ആന്റണീസ് നഗർ റോഡ് നവീകരണം-വാർഡ് 8, കൊരട്ടി ഗ്രാമപഞ്ചായത്ത്" എന്ന പ്രവൃത്തിക്ക് ക്വാളിറ്റി കൺട്രോൾ & സർവ്വീസ് ടാക്സ് ഇനത്തിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിരക്കുന്ന രൂപ 65,094/- ഒഴികെ അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു. പരാമർശം (1) ലെ സർക്കാർ ഉത്തരവും വകുപ്പ സംബന്ധമായ നടപടിക്രമങ്ങളും ടി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കേണ്ടതാണ് എന്ന നിബന്ധനയോടെ ഭരണാനുമതി നൽകുന്നു. പരാമർശം (2)ലെ സർക്കുലർ പ്രകാരം ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം വകുപ്പ് ആവശ്യമായ തുക ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പിന് ഡെപ്പോസിറ്റ് ചെയ്യേണ്ടതാണ്.

മറുപുറം....

3. ഇതു സംബന്ധിച്ച ചെലവ് **'4515-00-800-96 പ്രോജക്ട്സ് അണ്ടർ എൽ.എ.സി- എ.ഡി.എസ്'** എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി.**

ശ്രീ. ബി.ഡി. ദേവസ്സി, എം.എൽ.എ( ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തൃശ്ശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കൊരട്ടി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.
ഫിനാൻസ് വകുപ്പ് (അനൗദ്യോഗിക കത്ത് നം. .961237/എൻ.സി.സി.3/2016/ധന തീയതി 10.3.2017)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ